**23/10/2021 ൽ ബഹു. മാനേജിംഗ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ റവന്യൂ മീറ്റിംഗിന്റെ മിനിട്ട്സ്.**

1. വാട്ടർ അതോറിറ്റിയുടെ റവന്യൂ യൂണിറ്റുകൾ വളരെ നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ മാറ്റങ്ങൾ റവന്യൂ കളക്ഷനിൽ കാണാൻ സാധിക്കുന്നുണ്ടെന്നും ഈ നല്ല പ്രവർത്തനങ്ങൾ തുടരേണ്ടതുണ്ടെന്നും ആമുഖമായി ബഹു. മാനേജിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു. വാട്ടർ ചാർജ് കുടിശ്ശിക അടക്കണമെന്ന് കാണിച്ച് ഡിവിഷനുകളിൽ നിന്ന് പത്രക്കുറിപ്പ് നൽകുന്ന നടപടി ശ്ലാഘനീയമായതിനാൽ അത്തരം നടപടികൾ തുടരേണ്ടതാണ്.

2. കോവിഡ് വ്യാപനവും വെള്ളപ്പൊക്ക ഭീഷണിയും നിലനിൽക്കുന്നതിനാൽ ഡിസ്കണക്ഷൻ നടപടികൾ തല്ക്കാലം ഒഴിവാക്കണമെന്നും എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ MD, AM, FM എന്നിവർ ആരുടെയെങ്കിലും മുൻകൂർ അനുമതിയോടെ ഡിസ്കണക്ഷൻ നടത്താനും തീരുമാനിച്ചു.

3. അടുത്ത റവന്യൂ മീറ്റിംഗ് മുതൽ റീജിയനുകളിൽ പോസ്റ്റ് ചെയ്തിട്ടുള്ള മൂന്ന് DEPUTY ACCOUNTS MANAGER മാർ അവരവരുടെ റീജിയനുകളിലെ റവന്യൂ സംബന്ധമായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

   (Action- റീജിയനുകളിലെ Dy AM )

4. അദാലത്തിൽ തീർപ്പുകൽപ്പിക്കേണ്ട വിഷയങ്ങൾ അദാലത്തിൽ തന്നെ തീർപ്പ് കല്പിക്കേണ്ടതാണെന്നും ആവശ്യമാണെങ്കിൽ ഒരു അദാലത്ത് നടത്തേണ്ടതാണെന്നും തീരുമാനിച്ചു. (Action- RMC)

5. Collectable Demand ൽ compound interest കൂടി ഉള്ളതിനാൽ ഭീമമായ കുടിശ്ശികയാണ് DCB യിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഇത് കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചു (Action- All ROs and DBA).

6. Non Water Revenue (NWR) കൂട്ടുന്നതിന് വേണ്ടിയുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അടുത്ത മീറ്റിങ്ങിൽ എല്ലാ RO മാരും അറിയിക്കേണ്ടതാണ്. മിനിമം 20% റവന്യൂ NWR വഴി സ്വരൂപിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ് (Action- All ROs).

7. 06/10/2021 ലെ മീറ്റിങ് തീരുമാനപ്രകാരം INTERNAL ADALATH നടത്തുന്നതിനുള്ള സമയം 31/10/2021 വരെ നീട്ടി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച റീജിയൺ തലത്തിലെ അപ്ഡേഷൻ അടുത്ത മീറ്റിങ്ങിൽ റീജിയനുകളിലെ DyAM മാർ നൽകേണ്ടതാണ്. (Action- റീജിയനുകളിലെ DyAM s)

8. എല്ലാ ഡിവിഷനുകളിലെയും ഒരു കോടി രൂപയ്ക്ക് മുകളിൽ ഉള്ള Non-Govt കണക്ഷൻസിൻറെ സ്റ്റാറ്റസ് RMC ക്ക് ലഭ്യമാക്കേണ്ടതാണ്. ( Action- All ROs)

9. അടുത്ത കാലത്ത് നൽകിയ കണക്ഷനുകളിൽ പോലും റീഡിങ് ശരിയാംവിധം എടുക്കാൻ സാധിക്കുന്നില്ലായെന്ന പരാതി പരിശോധിക്കുന്നതിന് വേണ്ടി അപ്രകാരമുള്ള കണക്ഷനുകൾ നൽകിയ ലൈസെൻസ്ഡ് പ്ലംബർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് വേണ്ടി ഓരോ ഡിവിഷനിൽ നിന്നും 10 കണക്ഷനുകളുടെ ഫോട്ടോ സഹിതമുള്ള വിവരങ്ങൾ RMC ക്ക് നൽകേണ്ടതാണ്. ഈ വിവരണകൾ സ്ഥിതികരിക്കാതെ അങ്ങനെ റിപ്പോർട്ട് ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരുടെ പേരിലും

Draft #27 of File KWA/HO/RMC/R1/670/2021 Approved by Managing Director on 01-Nov-2021 04:36 PM - Page 1

ഡിസ്സിപ്ലിനറി ആക്ഷൻസ് (നെഗ്ളിജൻസ് ആൻഡ് ടെറീലിസിഷൻ ഓഫ് ഡ്യൂട്ടി) സ്വീകരിക്കേണ്ടതാണ് (Action- All ROs)

10. RTGS/NEFT വഴി പേയ്മെന്റ് നടത്തുമ്പോൾ ടി തുക കൺസ്യൂമർ ലെഡ്ജറിൽ ഉൾപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (Action- DBA)

11. മീറ്ററുകൾ ഇല്ലാത്ത ആരാധനാലയങ്ങളിൽ വാട്ടർ മീറ്റർ വാട്ടർ അതോറിറ്റിയുടെ ചിലവിൽ ഘടിപ്പിക്കേണ്ടതും ആ തുക ഉപഭോക്താവിന്റെ അടുത്ത ബില്ലിൽ ഉൾപ്പെടുത്തി നൽകേണ്ടതുമാണ്. (Action -All ROs)

12. JJM മുഖേന നൽകുന്ന കണക്ഷനുകൾ യഥാസമയം റൂട്ടിൽ വരുന്നുണ്ടോയെന്നും ബില്ലുകൾ നല്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. (Action - DBA)

മീറ്റിംഗ് 1.30 ന് അവസാനിച്ചു.

Draft #27 of File KWA/HO/RMC/R1/670/2021 Approved by Managing Director on 01-Nov-2021 04:36 PM - Page 2

The document is digitally approved. Hence signature is not needed.